# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4143 — 27.06.2012 -ൽ മറുപടിയ്ക്ക്

**പട്ടിക ജാതി വകുപ്പിൽ നിന്ന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് ഹൃദ്രോഗം, കാൻസർ, മസ്തിഷ്ക രോഗം എന്നിവയുടെ ചികിത്സയ്ക്കായി ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പിന്നാക്ക പട്ടികസമുദായ ക്ഷേമ മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും രോഗികളായ പട്ടിക സമുദായക്കാരുടെ ചികിത്സക്കായി സാമ്പത്തിക സഹായം നൽകി വരുന്നു. പട്ടികജാതിയിൽപ്പെട്ട 25,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 10,000/- രൂപയിൽ താഴെയുള്ള ധനസഹായം പട്ടികജാതി വികസന |

ഡയറക്ടറും 25,000/- രൂപ വരെ സർക്കാരും അനുവദിച്ചു വരുന്നു. എന്നാൽ പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകളിൽ ചികിത്സ തേടുന്ന ആശുപത്രികൾ മുഖേന ഒരു ലക്ഷം രൂപ വരെ ചികിത്സാസഹായം അനുവദിക്കാറുണ്ട്. ഇതിനായുള്ള അപേക്ഷകൾ ബ്ലോക്ക്/നഗരസഭ/ പട്ടികജാതി വികസന ആഫീസർക്കോ, നേരിട്ട് സർക്കാരിനോ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.